# മനുഷ്യാവകാശ പ്രഖ്യാപനം

രണ്ടാം ലോക മഹായുദ്ധകാലത്തു ണ്ടായ കെടുതികളും വ്യാപകമായ കൂട്ടക്കുരുതികളുമാണ് മനുഷ്യന്റെ സ്വാതന്ത്ര്യത്തോടെ ജീവിക്കാനുള്ള അവകാശത്തെക്കുറിച്ച് ചർച്ചകൾക്ക് പ്രേരകമായത്. 1936നും 45നുമിടക്ക് 60 ലക്ഷം യഹൂദരെ അതിക്രൂരമായി കൊലചെയ്ത് നാസികൾ മനുഷ്യവംശത്തിന്റെ നിലനില്പിനെ തന്നെ വെല്ലുവിളിക്കുകയായിരുന്നു. 1946ൽ അന്തരാഷ്ട്രതലത്തിൽ മനുഷ്യാവകാശ നിർവചനത്തി ന് കളമൊരുക്കുന്ന തരത്തിൽ വിശദമായ ചർച്ചകൾ നടന്നു. മനുഷ്യാവകാശത്തെ സംബന്ധിച്ച് സാമൂഹ്യ-സാമ്പത്തിക കൗൺസിലാണ് വിവിധതലങ്ങളിൽ ഇത് സംബന്ധമായ പഠനം നടത്തിയത്. ഇത്തരം അഭിപ്രായ സമന്വയങ്ങളുടെ ക്രോഡീകരണമായി 1948 ഡിസംബർ 10ന് ഐക്യരഷ്ട്രസഭയുടെ നേതൃത്വത്തിൽ സാർവ്വലൗകിക മനുഷ്യാവകാശപ്രഖ്യാപനം നടത്തി.

മനുഷ്യാവകാശപ്രഖ്യാപനം ഐക്യരാഷ്ട്രസഭയുടെ സുപ്രധാനമായ നേട്ടമായി കണക്കാക്കപ്പെടുന്നു. 56 അംഗങ്ങളാണ് ഐക്യരാഷ്ട്രസംഘടനയിൽ മനുഷ്യാവകാശ പ്രഖ്യാപനവേളയിൽഅംഗങ്ങളായിരുന്നത് 48 രാജ്യങ്ങൾ അനുകൂലമായി വോട്ട് ചെയ്തപ്പോൾ 8 രാജ്യങ്ങൾ നിഷ്പക്ഷത പാലിച്ചു. ഒരു പ്രഖ്യാപനത്തിന് ആഗോളവ്യാപകമായി അംഗീകാരം ലഭിക്കുന്നത് അത്യാദ്യമായിട്ടായിരുന്നു.

നിരവധി രാജ്യങ്ങൾ അവരുടെ ഭരണഘടനയിൽ മനുഷ്യവകാശ പ്രഖ്യാപനങ്ങളുടെ മൂല്യങ്ങൾ ഉൾക്കൊള്ളിക്കുകയുണ്ടായി. മനുഷ്യന്റെ അടിസ്ഥാന അവകാശങ്ങൾ ധ്വംസിക്കപ്പെടുമ്പോൾ പ്രതികരിക്കുന്നതിന് ആധാരമാക്കുന്നത് മനുഷ്യാവകാശ പ്രഖ്യാപനമാണ്. ഈ പ്രഖ്യാപനം മനുഷ്യാവകാശ രംഗത്തെ അതിനിർണ്ണായക രേഖയായി കണക്കാക്കപ്പെടുന്നു. ഐക്യരാഷ്ട്രസംഘടനയുടെ പ്രഥമസമ്മേളനത്തിന്റെ അജണ്ടയിൽ ആദ്യം ഉൾക്കൊള്ളിച്ചത് മനുഷ്യാവാകാശപ്രഖ്യാപനമായിരുന്നുവെന്നത് ശ്രദ്ധേയമാണ്. ലോകത്തിൽ സ്വാതന്ത്ര്യത്തിന്റെയും നീതിയുടെയും സമാധാനത്തിന്റെയും അടിത്തറ മനുഷ്യന്റെ ജന്മാവകാശമായ അന്യാധീനപ്പെടുത്താനാവാത്ത തുല്യ അവകാശം അംഗീകരിക്കുന്നതിലാണ് കുടികൊള്ളുന്നത്. രാഷ്ട്രങ്ങൾ തമ്മിൽ സൗഹൃദബന്ധങ്ങൾ മെച്ചപ്പെടുത്തേണ്ടത് ഒഴിച്ചുകൂടാനാവാത്തതാണ്. ഐക്യരാഷ്ട്രപ്രമാണം മനുഷ്യന്റെ മൗലികാവകാശങ്ങളും അന്തസ്സും മൂല്യങ്ങളും സംരക്ഷിക്കപ്പെടണമെന്ന് നിഷ്കർഷിക്കുന്നു. സ്ത്രീക്കും, പുരുഷനും തുല്യഅവകാശങ്ങൾ ഉറപ്പ് നൽകുന്നു. 30 വകുപ്പുകളിലായാണ് ഈ അവകാശങ്ങൾ ഉറപ്പു നല്കിയിട്ടുള്ളത്.

**വകുപ്പ് 1**

സ്വതന്ത്രമായി അന്തസ്സോടെ ജീവിക്കാനുള്ള തുല്യ അവകാശം. എല്ലാ മനുഷ്യരും ജന്മനാ സ്വതന്ത്രരാണെന്നും അവർക്ക് തുല്യഅവകാശങ്ങളുണ്ടെന്നും പരസ്പരം സാഹോദര്യത്തിലും സഹവർത്തിത്വത്തിലും ജീവിക്കണമെന്നും പ്രഖ്യാപനം ആഹ്വാനം ചെയ്യുന്നു.

**വകുപ്പ് 2**


പ്രഖ്യാപനത്തിലെ എല്ലാ അവകാശങ്ങളും എല്ലാവർക്കും ഉറപ്പു നൽകുന്നു. യാതൊരു വിവേചനവും പാടില്ല. ജാതി, മത, വർഗ്ഗ, ഭാഷ, നിറവ്യത്യാസങ്ങൾ അവകാശങ്ങൾ അനുഭവിക്കുന്നതിന് തടസ്സമല്ല. രാഷ്ട്രീയവും അധികാരപരിധി സംബന്ധിച്ചതായ വ്യക്തിയുടെ പദവിയും വിവേചനത്തിന് കാരണമല്ല.

**വകുപ്പ് 3**

ജീവിക്കാനുള്ള അവകാശവും, സ്വാതന്ത്ര്യവും സുരക്ഷയും ഉറപ്പു നൽകുന്നു.

**വകുപ്പ് 4**

ആരെയും അടിമകളാക്കാൻ പാടില്ല. എല്ലാ വിധത്തിലുമുള്ള അടിമക്കച്ചവടവും നിരോധിച്ചിരിക്കുന്നു.



**വകുപ്പ് 5**

പീഡിപ്പിക്കാനൊ ക്രൂരമായി പെരുമാറാനൊ മനുഷ്യത്വപരമല്ലാത്ത ശിക്ഷ നൽകാനോ പാടില്ല.

**വകുപ്പ് 6**

നിയമത്തിന്റെ മുമ്പിൽ എല്ലാവരെയും വ്യക്തികളായി അംഗീകരിക്കാനുള്ള അവകാശം

**വകുപ്പ് 7**

നിയമത്തിന്റെ മുമ്പിൽ എല്ലാവർക്കും തുല്ല്യ അവകാശം. വിവേചനങ്ങൾക്കെതിരെ തുല്ല്യ നിയമസംരക്ഷണം.

**വകുപ്പ് 8**

ഭരണഘടനവാഗ്ദാനം നൽകുന്ന മൗലിക അവകാശം നിഷേധിച്ചാൽ നീതീ പീഠത്തെ സമീപിച്ച് പരിഹാരം നേടാനുള്ള അവകാശം

**വകുപ്പ് 9**

ആരെയും നിയമവിരുദ്ധമായി അറസ്റ്റ് ചെയ്യാനൊ തടങ്കലിൽ വെക്കാനൊ പാടില്ല.

**വകുപ്പ് 10**

ക്രിമിനൽ കുറ്റം ആരോപിക്കപ്പെട്ടിട്ടുള്ള വ്യക്തിക്ക് സ്വതന്ത്രവും നിഷ്പക്ഷവുമായ ഒരു ഏജൻസി മുമ്പാകെ ഹാജരായി വിചാരണക്കുള്ള അവകാശം

**വകുപ്പ് 11**

1. വ്യക്തിക്കെതിരെ ക്രിമിനൽകുറ്റം ആരോപിക്കപ്പെട്ടാൽ കുറ്റം തെളിയിക്കുന്നതുവരെ നിരപരാധിയാണെന്ന പരിഗണനക്കുള്ള അവകാശം.

2. കുറ്റം ചെയ്യുന്ന സമയത്ത് നിലവിലുള്ള നിയമമനുസരിച്ച് ഏതെങ്കിലും പ്രവൃത്തി ചെയ്യുന്നതൊ ചെയ്യാതിരിക്കുന്നതൊ കുറ്റമല്ലെങ്കിൽ, പിന്നീട് അത് ശിക്ഷ ലഭിക്കുന്ന കുറ്റമാക്കാൻ പാടില്ല.

**വകുപ്പ് 12**

സ്വകാര്യതക്കുള്ള അവകാശം. വ്യക്തിയുടെ സ്വകാര്യതയിൽ നിയമവിരുദ്ധമായി ഇടപെടാൻ അവകാശമില്ല. സ്വകാര്യത സംരക്ഷിക്കാനുള്ള അവകാശം.

**വകുപ്പ് 13**

1. രാജ്യത്തിനകത്ത് എല്ലാവർക്കും സഞ്ചാര സ്വാതന്ത്ര്യം, താമസിക്കാനുള്ള അവകാശം.

2. ഒരു രാജ്യത്ത് നിന്ന് പോകുന്നതിനും അവിടേക്ക് തിരിച്ച് വരുന്നതിനുമുള്ള അവകാശം.

**വകുപ്പ് 14**

1. രാഷ്ട്രീയ-മതപരമായ പീഢനങ്ങളിൽ നിന്ന് രക്ഷനേടാൻ മറ്റ് രാജ്യങ്ങളിൽ അഭയം തേടനുള്ള അവകാശം.

2. രാഷ്ട്രിയ കാരണങ്ങൾക്കും ഐക്യരാഷ്ട്രസഭയുടെ തത്വങ്ങൾക്കും ഉദ്ദേശങ്ങൾക്കും എതിരായുള്ള കുറ്റകൃത്യങ്ങളിലും അഭയം തേടാൻ അവകാശമില്ല.

**വകുപ്പ് 15**

1. എല്ലാവർക്കും പൗരത്വത്തിനുള്ള അവകാശം

2. നിയമവിരുദ്ധമായി ആർക്കും പൗരത്വം നിഷേധിക്കാനാവില്ല.

**വകുപ്പ് 16**

1 പ്രായപൂർത്തിയായ പുരുഷനും സ്ത്രീക്കും വിവാഹം കഴിക്കാനും കുടുംബം സ്ഥാപിക്കാനുമുള്ള അവകാശം.

2 സ്വതന്ത്രമായി പൂർണ്ണസമ്മതത്തോടെ മാത്രമെ വിവാഹബന്ധത്തിലേർപ്പാടൻ പാടുള്ളു.

3. സമൂഹത്തിലെ മൗലിക ഘടകമായ കുടുംബത്തിന് സർക്കാരിന്റെയും സമൂഹത്തിന്റെയും സംരക്ഷണം ലഭിക്കാനുള്ള അർഹതയുണ്ട്.

**വകുപ്പ് 17**

1. സ്വന്തമായും കൂട്ടായും സ്വത്താർജ്ജിക്കാനുള്ള അവകാശം

2. നിയമ വിരുദ്ധമായി സ്വത്തവകാശം നിഷേധിക്കാനാവില്ല.

**വകുപ്പ് 18**

സ്വതന്ത്രമായി ചിന്തിക്കാനും മനസ്സാക്ഷിയനുസരിച്ച് പ്രവർത്തിക്കാനും ഇഷ്ടമുള്ള മതം സ്വീകരിക്കാനുമുള്ള അവകാശം, ഒറ്റക്കും കൂട്ടായും മതം മാറാനുള്ള അവകാശവും ഇതിൽ ഉൾപ്പെടും.

**വകുപ്പ് 19**

അഭിപ്രായ സ്വാതന്ത്ര്യത്തിനും ആവിഷ്ക്കാര സ്വാതന്ത്ര്യത്തിനുമുള്ള അവകാശം. സ്വതന്ത്രമായ അഭിപ്രായങ്ങൾ ഉയർത്തിപിടിക്കാൻ വ്യക്തിക്ക് അവകാശമുണ്ട്. മാധ്യമങ്ങൾ വഴി അഭിപ്രായ പ്രകടനം നടത്താം.

**വകുപ്പ് 20**

1. സമാധാനപരമായി ഒരുമിച്ച് കൂടാനും യോഗം ചേരാനുമുള്ള അവകാശം

2. സംഘടനകളിൽ ചേരാൻ ആരേയും നിർബന്ധിക്കാൻ അവകാശമില്ല.

**വകുപ്പ് 21**

1. ഭരണത്തിൽ നേരിട്ടോ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ മുഖേനയൊ പങ്കെടുക്കാനുള്ള അവകാശം.

2. സർക്കാരിന്റെ സേവനങ്ങൾ ലഭിക്കാൻ തുല്യ അവകാശം

3. ജനങ്ങളുടെ അഭീഷ്ടമാണ് സർക്കാരിന്റെ അധികാരത്തിന്റെ അടിസ്ഥാനം. അത് കൊണ്ട് ജനങ്ങളുടെ അഭിപ്രായം കാലാകാലങ്ങളിൽ വിലയിരുത്താൻ തെരഞ്ഞെടുപ്പ് നടത്തണം. തെരഞ്ഞടുപ്പിൽ പ്രായപൂർത്തിയായ എല്ലാവർക്കും തുല്യവകാശം നൽകണം. രഹസ്യബാലറ്റ് വഴിയൊ മറ്റ് സംവിധാനങ്ങളിലുടെയോ വേണം തെരഞ്ഞെടുപ്പ്.

**വകുപ്പ് 22**

സാമൂഹ്യസുരക്ഷിതത്വത്തിനുള്ള അവകാശം.

**വകുപ്പ് 23**

1. ജോലി ചെയ്യാനുള്ള അവകാശം, ഇഷ്ടമുള്ള ജോലി തെരഞ്ഞെടുക്കാനുള്ള അവകാശം. അനുകൂലതൊഴിൽ സാഹചര്യത്തിനുള്ള അവകാശം, തൊഴിലില്ലായ്മയിൽ നിന്ന് സംരക്ഷണം ലഭിക്കാനുള്ള അവകാശം.

2. തുല്യജോലിക്ക് തുല്യവേതനത്തിനുള്ള അവകാശം.

3. തൊഴിൽ ചെയ്യുന്ന ആൾക്കും കുടുംബത്തിനും അന്തസ്സായി ജീവിക്കാൻ മതിയായ വേതനത്തിനുള്ള അവകാശം.

**വകുപ്പ് 24**

വിശ്രമത്തിനും വിനോദത്തിനുള്ള അവകാശം, ശമ്പളത്തോടുകൂടിയ അവധി, ജോലി സമയത്തിന് സമയക്ലിപ്തത എന്നിവക്കുള്ള അവകാശം.

**വകുപ്പ് 25**

1. നല്ല ജീവിത സാഹചര്യത്തിനുള്ള അവകാശം, ഭക്ഷണം, വസ്ത്രം, പാർപ്പിടം, ആരോഗ്യ ശുശ്രൂഷ. തൊഴിലില്ലായ്മക്കെതിരെയുള്ള സുരക്ഷ തുടങ്ങിയവക്കും അവകാശമുണ്ട്.

2. അമ്മമാർക്കും കുട്ടികൾക്കും പ്രത്യേകം ശ്രദ്ധക്കും പരിചരണത്തിനുമുള്ള അവകാശം. വിവാഹബന്ധത്തിൽ ജനിക്കുന്ന കുട്ടികൾക്കും അവിഹിതബന്ധത്തിൽ ജനിക്കുന്ന കുട്ടികൾക്കും തുല്യപരിഗണനയും സംരക്ഷണവും.

**വകുപ്പ് 26**

വിദ്യാഭ്യാസത്തിനുള്ള അവകാശം. പ്രൈമറി തലം വരെ സൗജന്യ നിർബന്ധ വിദ്യാഭ്യാസത്തിനുള്ള അവകാശം. പ്രൊഫഷണൽ, സാങ്കേതിക വിദ്യാഭ്യാസം ലഭ്യമാക്കണം. മെറിറ്റിന്റെ അടിസ്ഥാനത്തിൽ ഉന്നത വിദ്യാഭ്യാസവും തുല്യമായി ലഭിക്കാനുള്ള അവകാശം.

മക്കൾക്ക് ഏത് വിധത്തിലുള്ള വിദ്യാഭ്യാസം നൽകണമെന്ന് സംബന്ധിച്ച് തീരുമാനിക്കാൻ മാതാപിതാക്കൾക്ക് അവകാശമുണ്ട്.

**വകുപ്പ് 27**

സമൂഹത്തിലെ സാംസ്കാരിക കലാരംഗവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നതിനുള്ള അവകാശം.

**വകുപ്പ് 28**

പ്രഖ്യാപനത്തിലെ അവകാശങ്ങൾ പൂർണ്ണമായി വിനിയോഗിക്കാൻ സാമൂഹ്യ-അന്തർദ്ദേശീയ സംവിധാനങ്ങൾ ഉപയോഗിക്കാനുള്ള അവകാശം

**വകുപ്പ് 29**

1. സാമൂഹ്യ ഉത്തരവാദിത്തങ്ങൾ നിറവേറ്റിപൂർണ്ണ വ്യക്തിത്വവികസനം നേടാനുള്ള അവകാശം.

2. അവകാശങ്ങളും സ്വാതന്ത്ര്യവും അനുഭവിക്കുമ്പോൾ, നിയമം ഏർപ്പെടുത്തുന്ന പരിമിതികൾ പാലിക്കാൻ ഉത്തരവാദിത്തമുണ്ട്. മറ്റുള്ളവരുടെ സ്വാതന്ത്ര്യവും അവകാശങ്ങളും ഹനിക്കാതെവേണം അനുഭവിക്കാൻ.

**വകുപ്പ് 30**

പ്രഖ്യാപനത്തിലെ അവകാശങ്ങളും സ്വാതന്ത്ര്യങ്ങളും നിഷേധിക്കാൻ ഗവർമ്മെണ്ടിനൊ സംഘടനകൾക്കൊ വ്യക്തികൾക്കൊ യാതൊരുവിധ പ്രവർത്തനങ്ങളിലും യാതൊരുവിധ പ്രവർത്തനങ്ങളിലും ഏർപ്പെടാൻ അവകാശമില്ല.

(കടപ്പാട്: എല്ലാ അവകാശങ്ങളും - എല്ലാവർക്കും -എഡിറ്റർ കെ. ജി. ശങ്കരപ്പിള്ള, ജനനീതി, കെസ്റ്റ് ഭവൻ, തൃശ്ശൂർ-1)